(സി) ഈ പദ്ധതി പ്രകാരം വച്ചുപിടിപ്പിച്ച തെങ്ങിൻ തൈകളുടെ എണ്ണം ഇപ്രകാരമാണ്.

1981-82	188000
1982-83	69700
1983-84	5800
1984-85	..

(ഡി) 1982 മുതൽ ചിലവായ തുക താഴെ കൊടുക്കുന്നു.

വർഷം	രൂപ (ലക്ഷത്തിൽ)
1981-82	211.382
1982-83	64.639
1983-84	43 268
1984-85	4.767

(ഇ) ഇല്ല.

തെങ്ങുരോഗ നിവാരണത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ

1276. [1922] ശ്രീ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങുരോഗനിവാരണത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് കോൺഫറൻസ് വിളിച്ചു കൂട്ടിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് ;

(ബി) പ്രസ്തുത കോൺഫറൻസിലെ തീരുമാനങ്ങൾ എന്തെല്ലാം ;

(സി) തെങ്ങുരോഗത്തിനുള്ള മരുന്നുതളി പുനഃസ്ഥാപിക്കാൻ എന്തെങ്കിലും ആലോചന ഉണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 30-8-1984-ൽ

(ബി) തീരുമാനങ്ങൾ താഴെപ്പറയുന്നവയാണ്.

(1) നടപ്പുവർഷം കുറഞ്ഞത് 15 ദിവസത്തെ ജോലിയെങ്കിലും ഉണ്ടായിരുന്ന തൊഴിലാളികൾക്ക് ഫെസ്റ്റിവൽ അലവൻസ്/അഡ്ഹോക്ക് ബോണസ് നൽകുന്ന കാര്യം ധനകാര്യ വകുപ്പുമായി ആലോചിച്ച് പരിഗണിക്കുക.

(2) കൃഷിവകുപ്പ് സൂക്ഷിച്ചിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്പ്രേയിംഗ് തൊഴിലാളികൾക്ക് വാടക കൂടാതെ സ്പ്രേയുകളും മറ്റുപകരണങ്ങളും ഡിപ്പാർട്ടുമെന്റിൽ നിന്ന് നൽകാവുന്നതും തൊഴിലാളികൾക്ക് കർഷകരുമായി നേരിട്ട് ബന്ധപ്പെട്ട് ആവശ്യാനുസരണം മരുന്നു തളി നടത്താവുന്നതും ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(3) സ്പ്രേയിംഗ് തൊഴിലാളികൾക്ക് കോംബൻസേഷൻ നൽകി ഇവരെ പിരിച്ചുവിടുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ഇതു സംബന്ധിച്ച് തൊഴിലാളികളുടെ അഭിപ്രായം ആരായുന്നതിനു കൂടുതൽ സമയം നൽകണമെന്ന യൂണിയൻ നേതാക്കളുടെ ആവശ്യം അംഗീകരിക്കുകയുണ്ടായി.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കേര് കൃഷി വികസനം

1277. [1923] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേര കൃഷി വികസനത്തിന് വേണ്ടി 1985-86-ൽ സർക്കാർ ചെലവാക്കിയ തുക എത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ ചെലവാക്കിയ തുക എത്ര ?

ഉത്തരം

(എ) സംസ്ഥാനത്ത് 1985-86-ൽ കേര കൃഷി വികസനത്തിന് മൊത്തം 340.410 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) 11.200 ലക്ഷം രൂപ.

തെങ്ങിനെ ബാധിക്കുന്ന മാരക രോഗങ്ങൾക്ക് പ്രതിവിധി

1278. [1924] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങിനെ ബാധിക്കുന്ന മാരക രോഗങ്ങൾക്ക് പ്രതിവിധി കണ്ടുപിടിക്കുന്നതിന് ഗവേഷണം തുടങ്ങിയിട്ട് എത്ര കാലമായി എന്നും അതിലേയ്ക്കുവേണ്ടി 30-9-1986 വരെ ചെലവാക്കിയ തുക എത്രയെന്നും വെളിപ്പെടുത്താമോ ;

(ബി) ഗവേഷണഫലം എന്തെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കൃഷിവകുപ്പു തെങ്ങുരോഗ നിവാരണത്തിനായി ഗവേഷണം നടത്തുന്നില്ല. എന്നാൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഗവേഷണം 1981 മുതൽ നടുക്കുന്നു. അതിലേയ്ക്ക് 30-9-1986-വരെ 37.92 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) വ്യാപകമായി കാണുന്ന ഓല ചീയൽ രോഗത്തിന് ഫലപ്രദമായ പ്രതിവിധി കണ്ടുപിടിച്ചിട്ടുണ്ട്. വേരു ചീയൽ (കാറ്റുവീഴ്ച) രോഗത്തിന് പ്രതിവിധി കണ്ടുപിടിക്കാനുള്ള ഗവേഷണശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്. ഓല ചീയൽ രോഗത്തെ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതമോ 0.5% വീര്യമുള്ള കോപ്പർ ഓക്സിക്ലോറൈഡോ ആണ്ടിൽ രണ്ടുപ്രാവശ്യം തളിക്കുന്നതുകൊണ്ട് നിയന്ത്രിക്കാമെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. വേര് ചീയൽ (കാറ്റുവീഴ്ച) എന്ന രോഗം മൈക്കോപ്ലാസ്മ പോലുള്ള ഒരു സൂക്ഷ്മാണുവിന്റെ ആക്രമണംമൂലമാണുണ്ടാകുന്നതെന്നും ഇതുവരെയുള്ള ഗവേഷണത്തിൽനിന്നും അനുമാനിക്കുന്നു. ഈ രോഗം നിയന്ത്രിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ഗവേഷണത്തിലിരിക്കുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly